പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1111** 12/03/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടിയും വിതരണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പാഠപുസ്തകം അച്ചടിക്കുന്നതിനും വിതരണം നടത്തുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (എ) 2015-16 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നു മുതൽ പത്ത് വരെയുള്ള പാഠപുസ്തക അച്ചടി കെ.ബി.പി.എസ്സിനേയും വിതരണം പോസ്റ്റൽ വകുപ്പിനേയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിനുള്ള ചുമതല സി-ആപ്റ്റിന് നൽകിയിട്ടുണ്ട്. |
| ബി) അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ, ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് അച്ചടി പൂർത്തിയാക്കുന്നതാണ്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിയ്ക്കകം പൂർത്തീകരിക്കണമെന്ന് സി-ആപ്റ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺ-ലൈൻ വഴി സി-ആപ്റ്റിന് നൽകുകയും അതു പ്രകാരം സി-ആപ്റ്റ് പാഠപുസ്തകങ്ങൾ അച്ചടിച്ച് ടി സ്കൂളുകൾക്ക് വിതരണം നടത്തുകയും ചെയ്തുവരുന്നു. ഈ വർഷത്തെ ഇൻഡന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പാഠപുസ്തക വിതരണം യഥാസമയം നടക്കാത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (സി) ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അടുത്ത വർഷം ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കാൻ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | അടുത്ത അദ്ധ്യയന വർഷം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം നടത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പാഠപുസ്തകങ്ങൾക്കുള്ള പ്രിന്റ് ഓർഡർ യഥാസമയം നൽകിയതനുസരിച്ച് കെ.ബി.പി.എസിൽ അച്ചടി തുടർന്നുവരുന്നു. അച്ചടിക്കുന്ന പുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനായി പോസ്റ്റൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി ഒന്നാം വർഷ പാഠപുസ്തകങ്ങളുടെ റീപ്രിന്റിംഗും, പുതുതായി നടപ്പിൽ വരുത്തുന്ന രണ്ടാം വർഷ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് സി-ആപ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15-ാം തീയതിയ്ക്കകം പൂർത്തിയാക്കണമെന്നാണ് സി-ആപ്റ്റിനോട് നിർദ്ദേശിച്ചിട്ടുള്ളത്. സ്കൂളുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ അറിയിക്കുന്നതിനുള്ള, ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ ഓൺ-ലൈൻ ഇൻഡന്റിംഗ്, മാർച്ച് 9-ാം തീയതി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ IT@School സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നുമുള്ള ഇൻഡന്റ് കഴിഞ്ഞ വർഷങ്ങളിൽ നല്കിയതിലുണ്ടായ കാലതാമസം ഒഴിവാക്കി യഥാസമയം നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

Padmakumar

സെക്ഷൻ ഓഫീസർ